**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **10-06-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിലെ താഴെപ്പാലം പാരലൽ ബ്രിഡ്ജിന്റെ പ്രവൃത്തി 2017 മാർച്ചിൽ പൂർത്തീകരിച്ചുവെങ്കിലും അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാവാത്തതുമൂലം പാലം ഗതാഗതയോഗ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കി ഉടനെ ഗതാഗത യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും എപ്പോൾ പണി പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള കരാറുകാരനെ റിസ്ക് & കോസ്റ്റിൽ നിയമാനുസൃതം ഒഴിവാക്കി, ബാലൻസ് എസ്റ്റിമേറ്റ് സമർപ്പിച്ച്, അനുമതി ലഭ്യമാക്കി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, സമീപ റോഡിന്റെ പണി പൂർത്തീകരിച്ച് ഗതാഗതത്തിനു തുറന്നു കൊടുക്കുന്നതിന് ആറ് മാസത്തോളം സമയം വേണ്ടി വരുമെന്ന് കണക്കാക്കുന്നു. |
| (സി) | തിരൂർ ടൗണിൽ റെയിൽവേ ഓവർബ്രിഡ്ജ് (ആർ.ഒ.ബി. ) നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ആർ.ഒ.ബി. ക്ക് അനുമതി നൽകി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | തിരൂർ ടൗണിൽ തിരൂർ മലപ്പുറം സംസ്ഥാനപാതയിൽ നിലവിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നിർമ്മിച്ച ROB യുടെ റെയിൽവേ ലൈന് മുകളിലുള്ള ഭാഗം 2018 ൽ ഇന്ത്യൻ റെയിൽവേയുടെയും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചു. തുടർന്ന് ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതം ഉള്ളതിനാൽ ഏകദേശം 3.3 കോടി ആവശ്യമായ പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | തിരൂർ പൊൻമുണ്ടം ആർ.ഒ.ബി.യുടെ ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും | (ഡി) | തിരൂർ പൊന്മുണ്ടം ബൈപ്പാസിൽ വിഭാവനം ചെയ്ത പൊന്മുണ്ടം ROB യുടെ റെയിൽവേ ലൈനിന് |

| | | | |
|---|---|---|---|
| | ആർ.ഒ.ബി യുടെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുമോ ? | | മുകളിലുള്ള ഭാഗം 2018 ൽ ഇന്ത്യൻ റെയിൽവേയുടെയും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. തുടർന്ന് ഇതിന്റെ അപ്രോച്ച് റോഡ് ലാന്റ് സ്പാൻ മാതൃകയിൽ നിർമ്മിക്കുന്നതിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 24 കോടി രൂപയുള്ള പ്രസ്തുത പ്രൊപ്പോസൽ 2021-22 ലെ നബാർഡ് Tranche-XXVII ൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ